23 (1836) കൊടുവള്ളി ഗ്രാമപഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി ഗ്രാമപഞ്ചായത്തിലെ എസ്.സി.പി. നെല്ലാറമല ഐ.എച്ച്.ഡി.പി. ശുദ്ധജല പദ്ധതിയുടേയും എസ്.സി.പി. മൂഴിക്കുന്ന്-വാവാട് ഐ.എച്ച്.ഡി.പി. ശുദ്ധജലവിതരണ പദ്ധതിയുടേയും പ്രവൃത്തി പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) നരിക്കുഴി പഞ്ചായത്തിലെ എസ്.ഡി.പി. വരിങ്ങലോറമല ഐ.എച്ച്.ഡി.പി. ശുദ്ധജലവിതരണ പദ്ധതി പണി തുടങ്ങിയോ; എന്നത്തേക്ക് പൂർത്തിയാകും;

(ഡി) മടവൂർ പഞ്ചായത്തിലെ എസ്.സി.പി. കാംപ്രത്തുകുന്ന് ഐ.എച്ച്.ഡി.പി. ശുദ്ധജലവിതരണ പദ്ധതി പണി തുടങ്ങിയോ;

(ഇ) ഇല്ലെങ്കിൽ എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ;

(എഫ്) ഉണ്ണിക്കുളം പഞ്ചായത്തിനുവേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ;

(ജി) ഉണ്ണിക്കുളം പഞ്ചായത്തിൽ കെ.ഡബ്ല്യു.എ. ഏറ്റെടുത്ത് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൂർത്തിയായി, കമ്മീഷൻ ചെയ്തു.

(ബി) ഉദിക്കുന്നില്ല.

(സി) 7/94 ൽ തുടങ്ങി. വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കും.

(ഡി) 3/97-ൽ ആരംഭിച്ചു.

(ഇ) ഉദിക്കുന്നില്ല.

(എഫ്) ഭാഗികമായി പൂർത്തിയാക്കി. 3/2000 ൽ പൂർണ്ണമായും പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(ജി) പുതിയ പദ്ധതികൾ ഇല്ല.

24 (1846) പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട്

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിൽ ഇപ്പോൾ എത്ര ഡിവിഷൻ പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly